പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 87

# 2022- ലെ കേരള ജൂനിയർ അഭിഭാഷക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 87

# 2022-ലെ കേരള ജൂനിയർ അഭിഭാഷക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

145/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 87

# 2022-ലെ കേരള ജൂനിയർ അഭിഭാഷക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് വിവിധ കോടതികളിൽ ജൂനിയർ അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർക്ക് തൊഴിൽ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പുവരുത്തുവാൻ വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ വിവിധ കോടതികളിലായി നിരവധി ജൂനിയർ അഭിഭാഷകർ വിവിധ അഭിഭാഷകരുടെ കീഴിലും അല്ലാതെയും ജോലി ചെയ്യുന്നുണ്ട്. എന്നാൽ ഇവരിൽ പലർക്കും ന്യായമായ വേതനമോ തൊഴിൽ സുരക്ഷയോ പലപ്പോഴും ലഭിക്കാറില്ല. ആയത്മൂലം ഇവർ അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള ജൂനിയർ അഭിഭാഷക ക്ഷേമനിധി ബോർഡ് രൂപീകരണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അഭിഭാഷകൻ" എന്നാൽ 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റ് [u/s.17]പ്രകാരം എൻറോൾ ചെയ്ത അഭിഭാഷകൻ എന്നർത്ഥമാകുന്നു;

(ബി) " ജൂനിയർ അഭിഭാഷകൻ" എന്നാൽ എൻറോൾ ചെയ്തതിനുശേഷം അഞ്ച് വർഷം പൂർത്തിയാകാത്ത, പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകൻ എന്നർത്ഥമാകുന്നു;

(സി) "ക്ഷേമനിധി" എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന കേരള ജൂനിയർ അഭിഭാഷക ക്ഷേമനിധി എന്നർത്ഥമാകുന്നു;

(ഡി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഇ) "അംഗം" എന്നാൽ കേരള ജൂനിയർ അഭിഭാഷക ക്ഷേമനിധിയിലെ അംഗം എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

3. ക്ഷേമനിധി രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് ശേഷം, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിൻകീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി, " കേരള ജൂനിയർ അഭിഭാഷക ക്ഷേമനിധിബോർഡ് " രൂപീകരിക്കേണ്ടതാണ്.

(2) ബോർഡിൽ സർക്കാർ നിയമിക്കുന്ന താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ —ചെയർപേഴ്സൺ/ചെയർമാൻ ;

(ബി) നിയമവകുപ്പ് സെക്രട്ടറി;

(സി) തൊഴിൽവകുപ്പ് സെക്രട്ടറി;

(ഡി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ;

(ഇ) സർക്കാർ നോമിനേറ്റ് ചെയ്യുന്ന അഞ്ച് അംഗങ്ങൾ;

(എഫ്) അഭിഭാഷക പ്രതിനിധി.

4. ചെയർപേഴ്സന്റേയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.—ക്ഷേമനിധി ബോർഡിലെ ചെയർപേഴ്സൺ/ചെയർമാൻ മറ്റ് അനൗദ്യോഗിക അംഗങ്ങളും അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുത്ത തീയതി മുതൽ നാല് വർഷക്കാലയളവ് പൂർത്തിയാക്കുന്നതുവരെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.

5. ബോർഡിലേയ്ക്കുള്ള വരുമാനം.—(1) സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും ഈ ആക്റ്റിന്റെ ആവശ്യത്തിനായി ലീഗൽ ബെനഫിറ്റ് ഫണ്ടിൽ നിന്നും.

(2) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും.

(3) മറ്റ് യുക്തമായ ധനാഗമ മാർഗ്ഗങ്ങളിൽനിന്നും ധനസഹായം സ്വീകരിക്കാവുന്നതാണ്.

6. സഹായധനം ലഭിക്കുന്നതിനുള്ള മാനദണ്ഡം.—(1) അഭിഭാഷകൻ പ്രാക്ടീസ് ചെയ്യുന്ന ബന്ധപ്പെട്ട ബാർ അസോസിയേഷനിൽ അംഗത്വം എടുത്തിരിക്കേണ്ടതാണ്.

(2) പ്രസ്തുത ബാർ അസോസിയേഷൻ മുഖാന്തരം ജൂനിയർ അഭിഭാഷക ക്ഷേമനിധിയിൽ അംഗമായി രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.

7. ക്ഷേമനിധി ഉപയോഗിക്കൽ.—ക്ഷേമനിധി താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതാണ്; അതായത്:—

(എ) ജൂനിയർ അഭിഭാഷകന് കോടതികളിൽ പ്രാക്ടീസ് ചെയ്യുന്നതിനാവശ്യമായ കോട്ട്, ഗൗൺ തുടങ്ങിയ ഡ്രസ്സ് കോഡ് പ്രകാരമുള്ള അംഗവസ്ത്രങ്ങളും നിയമപുസ്തകങ്ങളും വാങ്ങുന്ന ആവശ്യത്തിനായി ;

(ബി) അഭിഭാഷകവൃത്തി നടത്തുവാൻ ആവശ്യമായ ഓഫീസ് മുറി സജ്ജീകരിക്കുന്നതിന് ഫർണിച്ചറുകളും മറ്റ് അവശ്യവസ്തുക്കളും വാങ്ങുന്നതിനായി;

(സി) ആവശ്യമുള്ളവർക്ക് അപേക്ഷപ്രകാരം അഭിഭാഷക ആഫീസ് പ്രവർത്തിക്കുവാൻ കെട്ടിടവാടക/മുറിവാടക നൽകുന്നതിനായി;

(ഡി) അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്നതിനുവേണ്ടി ദൈനംദിന ആവശ്യങ്ങൾക്കായി നിത്യനിധാന ചെലവുകൾ നിർവ്വഹിക്കാൻ പ്രതിമാസം 5,000 രൂപയിൽ അധികരിക്കാത്ത തുക വിനിയോഗിക്കുന്നതിനായി;

(ഇ) അപേക്ഷ നൽകുന്ന ജൂനിയർ അഭിഭാഷകന് സ്വകാര്യ വാഹനം (കാർ, മോട്ടോർ സൈക്കിൾ) വാങ്ങുന്നതിന് ഏറ്റവും കുറഞ്ഞ പലിശനിരക്കിൽ വാഹനവായ്പ ലഭ്യമാക്കുന്നതിനായി.

8. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.— സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോട് കൂടിയോ, പിൽക്കാല പ്രാബല്യത്തോട് കൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

9. പ്രവർത്തനങ്ങൾ.—(1) ക്ഷേമനിധി ബോർഡിൽ ജില്ലാടിസ്ഥാനത്തിൽ സമിതികൾ രൂപീകരിക്കേണ്ടതാണ്.

(2) അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുക.

(3) ഈ ക്ഷേമനിധി ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ചട്ടങ്ങൾ കാലാനുസൃതമായി സർക്കാരുമായി കൂടിയാലോചിച്ച് ക്ഷേമനിധി ബോർഡിന്റെ അപേക്ഷ പ്രകാരം സർക്കാർ നിർമ്മിക്കേണ്ടതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതും സഭയ്ക്ക് അത് അംഗീകരിക്കുവാനോ ഭേദഗതി ചെയ്യുവാനോ റദ്ദുചെയ്യുവാനോ ഉള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്. ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയതിനാൽ സാധാരണ സ്വഭാവത്തിലുള്ളതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിലെ വിവിധ ജുഡീഷ്യൽ കോടതികളിലും, ഹൈക്കോടതിയിലും ധാരാളം ജൂനിയർ അഭിഭാഷകർ എൻറോൾ ചെയ്ത് പ്രാക്ടീസ് ആരംഭിക്കുമ്പോൾ, പ്രത്യേകിച്ചും ഈ കോവിഡ് മഹാമാരി കാലഘട്ടത്തിൽ, നിരവധി പ്രയാസങ്ങളും സാമ്പത്തിക ബുദ്ധിമുട്ടും അവർ നേരിടുന്നുണ്ട്. സമൂഹത്തിന് മുന്നിൽ അഭിഭാഷകനാണെങ്കിലും ദൈനംദിനജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിൽ അഭിഭാഷകവൃത്തിയിൽ അനുഭവിച്ചുവരുന്ന ചെറുതും വലുതുമായ പ്രയാസങ്ങളും പ്രശ്നങ്ങളും പരിഹരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ക്ഷേമനിധി ബോർഡ് നിലവിൽ വരുമ്പോൾ മാത്രമേ സാമ്പത്തിക ബാധ്യത എത്രമാത്രം ഉണ്ടാവൂ എന്ന് കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും പ്രാരംഭ ചെലവുകൾക്കായി 10 ലക്ഷം രൂപ സഞ്ചിതനിധിയിൽനിന്നും ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

യു. എ. ലത്തീഫ്, എം. എൽ. എ.